പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1756

14.8.2017 ൽ
മറുപടിയ്ക്ക്

## ജനമൈത്രി പോലീസ് സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. യു.ആർ. പ്രദീപ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ജനമൈത്രി പോലീസിലൂടെ ലഭ്യമാക്കുന്നത്: വിശദമാക്കുമോ? | (ബി) സ്ത്രീ സ്വയം സുരക്ഷ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തി അതാത് ജില്ലകളിലെ സ്കൂളുകൾ, കോളേജുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, എന്നിവയിലൂടെ സ്ത്രീകളെ സ്വയം പരിശീലനത്തിന്റെ പാഠങ്ങൾ പഠിപ്പിച്ചുവരുന്നുണ്ട്. കൂടാതെ സ്ത്രീ സുരക്ഷ, സ്ത്രീകളുടെ നിയമ പരിരക്ഷ, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാനുള്ള നിയമ പരിരക്ഷ എന്നിവ അടങ്ങിയ ലഘുലേഖകളും കൈപ്പുസ്തകങ്ങളും വിതരണം ചെയ്തു വരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾ സ്വീകരിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി എല്ലാ പഞ്ചായത്ത് ഓഫീസുകളിലും എല്ലാ ചൊവ്വാഴ്ചയും വനിതാ ബീറ്റ് ഓഫീസറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്കായി മദ്യം മയക്കുമരുന്ന് പോലുള്ള ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവൽക്കരണ സെമിനാറുകളും ജനമൈത്രി സുരക്ഷ പദ്ധതി സംസ്ഥാന തലത്തിൽ നേതൃത്വം നൽകി നടപ്പിലാക്കിയ ലഹരി വിരുദ്ധ കാവൽക്കൂട്ടം പോലെയുള്ള പദ്ധതികൾ ട്രാഫിക് ബോധവൽക്കരണ പരിപാടികൾ |

എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ ആദിവാസി ഊരുകൾ സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ബന്ധപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ആദിവാസി ഊരുകളിൽ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ, സൗജന്യ പി.എസ്.സി പരിശീലനം, തൊഴിൽ പരിശീലനം മുതലായവയും നടപ്പിലാക്കിയിട്ടുണ്ട്. ഊരുജ്യോതി എന്ന പേരിൽ ആദിവാസി കുട്ടികൾക്കായി സൗജന്യ ക്ലാസ്സുകളും നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികൾക്കായി കടലോര ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ